©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| Vol. LIV<br>വാല്യം 54 | Thiruvananthapuram,<br>Wednesday<br>തിരുവനന്തപുരം,<br>ബുധൻ | 9th December 2009<br>2009 ഡിസംബർ 9<br>18th Agrahayana 1931<br>1931 അഗ്രഹായനം 18 | No.<br>നമ്പർ | 2294 |
|---|---|---|---|---|

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്

### വിജ്ഞാപനം

നമ്പർ 30655(4)/ഇ എം3/09/തസ്വഭവ. *തിരുവനന്തപുരം, 2009 ഡിസംബർ 9.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ഇ) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ. ഉ. (എംഎസ്.) 91/94/എൽഎഡി നമ്പരായി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 478/94-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം ഭാഗികമായി ഭേദഗതി ചെയ്തും താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (2)-ാം കോളത്തിൽ പറയുന്ന നഗര സ്വഭാവമാർജിച്ച ഗ്രാമപഞ്ചായത്തുകളെ, 2010 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം (3)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകളോട് സംയോജിപ്പിക്കുവാനും അതിന് (4)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും, പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും വ്യക്തികളിൽനിന്നോ, ഗ്രാമപഞ്ചായത്തുകളിൽനിന്നോ, മുനിസിപ്പാലിറ്റികളിൽനിന്നോ ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഏതെങ്കിലും ഉണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കായി എടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അത്തരം ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് (അനക്സ്), തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ മേൽപ്പറഞ്ഞ തീയതിക്കകം അയച്ചുതരേണ്ടതാണ്.

## പട്ടിക

| *ജില്ല* | *കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമ പഞ്ചായത്തുകൾ* | *കൂട്ടിച്ചേർക്കപ്പെടുന്ന മുനിസിപ്പൽ കൗൺസിലിന്റെ പേര്* | *മുനിസിപ്പൽ കൗൺസിലിന്റെ ആസ്ഥാനം* |
|---|---|---|---|
| (1) | (2) | (3) | (4) |
| കോട്ടയം | നാട്ടകം ഗ്രാമപഞ്ചായത്ത്,<br>കുമാരനല്ലൂർ ഗ്രാമപഞ്ചായത്ത് | കോട്ടയം | കോട്ടയം |
| എറണാകുളം | തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് | തൃപ്പൂണിത്തുറ | തൃപ്പൂണിത്തുറ |
| തൃശ്ശൂർ | പൂക്കോട് ഗ്രാമപഞ്ചായത്ത്,<br>തൈക്കാട് ഗ്രാമപഞ്ചായത്ത് | ഗുരുവായൂർ | ഗുരുവായൂർ |
| തൃശ്ശൂർ | പൊറിത്തിശ്ശേരി ഗ്രാമപഞ്ചായത്ത് | ഇരിങ്ങാലക്കുട | ഇരിങ്ങാലക്കുട |
| തൃശ്ശൂർ | മേത്തല ഗ്രാമപഞ്ചായത്ത് | കൊടുങ്ങല്ലൂർ | കൊടുങ്ങല്ലൂർ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. എം. വിജയാനന്ദ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.